"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്-കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ - ന്യൂ-ഇൻഫ്ര ഇൻഷ്യേറ്റീവ് പ്രോജക്ടിന്റെ നടത്തിപ്പിലേക്കായുള്ള അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനിയർ തസ്തികയുടെ യോഗ്യതയിൽ ഭേദഗതി വരുത്തുവാൻ കെ.എൽ.ഡി.സി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവാകുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.62/2025/AGRI തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:-

1. കെ.എൽ.ഡി.സി എം.ഡിയുടെ 05.04.2022 തീയതിയിലെ KLDC/ADMN/A4/1JV0/1407/19 നമ്പർ കത്ത്.
2. 23.08.2022 തീയതിയിലെ സ.ഉ(സാധാ)നം.760/2022/അഗ്രി നമ്പർ സർക്കാർ ഉത്തരവ്.
3. കെ.എൽ.ഡി.സി എം.ഡിയുടെ 20.02.2024 തീയതിയിലെ KLDC/ADMN/New India Projects/Contracts Staff നമ്പർ കത്ത്.

**ഉത്തരവ്**

ന്യൂ ഇൻഫ്ര ഇൻഷ്യേറ്റീവ് പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി സർക്കാർ/പൊതുമേഖല സർവ്വീസിൽ നിന്നും വിരമിച്ച പരിചയസമ്പന്നരായ എഞ്ചിനീയർമാർ, സാങ്കേതിക ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക സാങ്കേതിക വിഭാഗം രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സൂചന (1) പ്രകാരം കെ.എൽ.ഡി.സി എം.ഡി സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) ഉത്തരവ് പ്രകാരം സർക്കാർ കെ.എൽ.ഡി.സി. ആവശ്യപ്പെട്ട തസ്തികകളിൽ കരാർ നിയമനത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2. അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ തസ്തികയിലെ 4 ഒഴിവിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് നിയമന ഉത്തരവ് നൽകിയെങ്കിലും ആരുംതന്നെ ജോലിയിൽ പ്രവേശിച്ചില്ല. ആയതിനാൽ ടി. വിഷയം 24/01/2024 ലെ 300 -മത് ഡയറക്ടർ ബോർഡ് മുമ്പാകെ സമർപ്പിക്കുകയും, ഡയറക്ടർ ബോർഡ് തീരുമാനം നം. 3367 പ്രകാരമുള്ള, *"കേന്ദ്ര/കേരള സർക്കാരിൽ നിന്നോ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നോ അസിസ്റ്റന്റ് എഞ്ചിനീയറോ അതിനുമുകളിലോ ഉള്ള തസ്തികയിൽ പതിനഞ്ച് കൊല്ലമെങ്കിലും സേവനപരിചയമുള്ളവരും, വിരമിച്ച് 60 വയസ്സിൽ താഴെ പ്രയമുള്ളവരും, ബി.ടെക് സിവിൽ/ഡിപ്ലോമ സിവിൽ യോഗ്യതയുള്ളവരുമായിരിക്കണം, പരമാവധി ശമ്പളം 30,000/- രൂപ"* എന്ന് യോഗ്യതയിൽ ഇളവ് വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സൂചന (3) പ്രകാരം സർക്കാരിൽ സമർപ്പിയ്ക്കുകയും ചെയ്തു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, കേന്ദ്ര/കേരള സർക്കാരിൽ നിന്നോ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നോ അസിസ്റ്റന്റ് എഞ്ചിനീയറോ അതിനു മുകളിലോ

ഉള്ള തസ്തികയിൽ പതിനഞ്ച് വർഷമെങ്കിലും സേവന പരിചയമുള്ളവരും, വിരമിച്ച് 60 വയസ്സിൽ താഴെ പ്രായമുള്ളവരും, ബി.ടെക് സിവിൽ/ഡിപ്ലോമ സിവിൽ യോഗ്യതയുള്ളവരുമായിരിക്കണം എന്ന് കെ.എൽ.ഡി.സിയിലെ ന്യൂ-ഇൻഫ്ര ഇൻഷ്യേറ്റീവ് പ്രോജക്ടിന്റെ നടത്തിപ്പിലേക്കായുള്ള അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനിയർ തസ്തികയുടെ യോഗ്യതയിൽ ഭേദഗതി വരുത്തുവാൻ കെ.എൽ.ഡി.സി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാര

ലതാകുമാരി.എം.

അഡിഷണൽ സെക്രട്ട

1. മാനേജിംഗ് ഡയറക്ടർ, കേരള ലാന്റ് ഡവലപ്പ്മെൻ്റ് കോർപ്പറേഷൻ ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടർ
2. ഡയറക്ടർ ബോർഡിലെ എല്ലാ ഡയറക്ടർമാർക്കും (കേരള ലാന്റ് ഡവലപ്പ്മെൻ്റ് കോർപ്പറേഷൻ ലിമിറ്റഡ്, എം.ഡി മുഖേന)
3. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, വിവര - പൊതുജന സമ്പർക്ക വകുപ്പ്
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (E 2322696. AGRI-PU3/7/2023-AGRI)

ഉത്തരവിൻ പ്രകാരം

Signed by

Premchand C P

Date: 30-01-2025 10:59:32

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്